മാർച്ച് 2020

# മുസിരിസ് വാർത്ത


www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി



മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷണത്തിലുള്ളതുമായ ഒരു പ്രധാന ചരിത്രസ്ഥലമാണ് ചേരമാൻ പറമ്പ്. ചേര രാജവംശത്തിന്റെ കൊട്ടാരം നിലനിന്ന സ്ഥലമാണിതെന്ന് കരുതപ്പെടുന്നു.

# മുസിരിസ് പൈതൃക പദ്ധതി ജനങ്ങളിലേക്ക്...



2020-21 കാലയളവിൽ കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്ന മുസിരിസ് പൈതൃക പദ്ധതി കേരള സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയ്ക്ക് വലിയ ഉണർവ് നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

തുടർച്ചയായ രണ്ടു വർഷത്തെ പ്രളയം പ്രതികൂലമായി ബാധിച്ച വിനോദ സഞ്ചാരമേഖലയുടെ വളർച്ചയ്ക്കായി ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് കേരള ബജറ്റിൽ 320 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാരിന്റെ വിനോദസഞ്ചാര മേഖലയിലുള്ള താത്പര്യത്തിന് അടിവരയിടുന്ന നടപടിയാണിത്.

മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതിയുടെ കീഴിൽ ഒരു ഡസനോളം മ്യൂസിയങ്ങൾ, മലബാറിലെ വിനോദസഞ്ചാര പദ്ധതികൾക്ക് ഊന്നൽ നൽകുക, ഐ.പി.എൽ. മാതൃകയിലുള്ള വള്ളംകളി മത്സരങ്ങൾ ജനപ്രിയമാക്കുക, തീർഥാടന കേന്ദ്രങ്ങളെയും ഉത്സവങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള തീർഥാടകശൃംഖല - തത്ത്വമസി തുടങ്ങിയ പദ്ധതികൾക്ക് വേണ്ടിയാണ് 320 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

രണ്ടു പ്രളയങ്ങളെ കേരള വിനോദസഞ്ചാര മേഖല അതിജീവിച്ചതും 2019ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18.5 ശതമാനവും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 8.24 ശതമാനവും വളർച്ച കൈവരിച്ചതും വിനോദസഞ്ചാരവകുപ്പിന്റെ കാര്യക്ഷമമായ വിപണനത്തിലൂടെയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അഭിപ്രായപ്പെട്ടു.

### ബഹു. ധനകാര്യ മന്ത്രിയുടെ അവതരണത്തിൽനിന്ന്:

കേരള വിനോദസഞ്ചാര മേഖല രണ്ട് പ്രളയക്കെടുതികൾ അതിജീവിച്ചു. കാര്യക്ഷമമായ വിപണനത്തിന് ഈ അതിജീവനത്തിൽ പ്രധാന പങ്കുണ്ട്. 2019ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18.5 ശതമാനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 8.24 ശതമാനവും വളർച്ച കൈവരിച്ചതിൽ കാര്യക്ഷമമായ മാർക്കറ്റിങ്ങിന് വലിയ പങ്കുണ്ട്. വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി 320 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 63 കോടി രൂപ മാർക്കറ്റിങ്ങിനാണ് നീക്കിവച്ചിരിക്കുന്നത്.

ഭാവിയിലെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുക്കുമ്പോൾ ഏറ്റവും വിപുലമായ പദ്ധതിയാണ് സ്പൈസ് റൂട്ട് പദ്ധതി. ചൈനീസ് സിൽക്ക് റൂട്ടിനോട് സാദൃശ്യമുള്ള, പുരാതനകാലം മുതൽ കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങൾ സഞ്ചരിച്ച അന്താരാഷ്ട്ര പാതയാണ് ഈ പദ്ധതിയുടെ ആശയം.

ചൈന, കിഴക്കനേഷ്യൻ രാജ്യങ്ങൾ, ആഫ്രിക്ക, യൂറോപ്പ് എന്നീ ഭൂപ്രദേശങ്ങൾ ഇതിൽ പങ്കാളികളാകുന്നു. യുനെസ്കോ ഈ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

നമ്മുടെ തുറമുഖ നഗരങ്ങളെ കേന്ദ്രീകരിച്ച് പൈതൃക സംരക്ഷണ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അവയിൽ മുസിരിസ്, ആലപ്പുഴ പൈതൃക പദ്ധതികൾ ഏറെ മുന്നോട്ടുപോയി. തലശ്ശേരി കേന്ദ്രമാക്കിയുള്ള വിനോദസഞ്ചാര പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കോഴിക്കോട്, പൊന്നാനി, തങ്കശ്ശേരി തുറമുഖപദ്ധതികൾ ആവിഷ്കരിച്ച് കൊണ്ടിരിക്കുകയാണ്.

മുസിരിസ് പൈതൃക പദ്ധതി 2020-21 ൽ കമ്മീഷൻ ചെയ്യും. ഇത് കേവലമൊരു വിനോദസഞ്ചാരപദ്ധതി മാത്രമല്ല. മുസിരിസ് ചരിത്രസ്മാരകങ്ങളുടെയുള്ള ഒരു ചരിത്രപഠന യാത്രയാണ്. മുസിരിസ് കമ്പനിയിൽ നിന്നുള്ള ലാഭം വിദ്യാലയങ്ങളിലെ പഠനഗ്രൂപ്പുകളുടെ ചരിത്രപഠനയാത്രകളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി ഉപയോഗിക്കും.

## മിസ്രി പള്ളിയുടെ **പുനരുദ്ധാരണം**




തീരദേശ പട്ടണമായ പൊന്നാനിയിൽ പതിനാറാം നൂറ്റാണ്ടിൽ ഈജിപ്റ്റുകാർ നിർമ്മിച്ചുവെന്നു കരുതപ്പെടുന്ന മിസ്രി പള്ളിയെ അതിന്റെ ചരിത്ര പ്രാധാന്യം കണക്കിലെടുത്ത് മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായ പൊന്നാനി പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പള്ളിയുടെ നഷ്ടപ്പെട്ട പ്രതാപവും മഹിമയും വീണ്ടെടുക്കാനുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുസിരിസ് പ്രോജക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2020 ഫെബ്രുവരി 14 വെള്ളിയാഴ്ച വൈകിട്ട് നാലുമണിക്ക് മിസ്രി പള്ളി പരിസരത്ത് നടന്ന ചടങ്ങിൽ കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.എം. ഏറ്റുണ്ണി തങ്ങൾ അധ്യക്ഷതവഹിച്ചു. മുസിരിസ് പൈതൃക പദ്ധതി എം.ഡി. ശ്രീ. പി.എം. നൗഷാദ് സ്വാഗതമാശംസിച്ചു.



# തടിയുരുപ്പടികളുടെ സംരക്ഷണം

(ശ്രീ. എം. നാരായണൻ നമ്പൂതിരി,
കൺസർവേഷൻ കൺസൾട്ടന്റ്, മുസിരിസ് കൺസർവേഷൻ ലാബ്)

കാല എല്ലായ്പ്പോഴും മാറിക്കൊണ്ടിരിക്കുന്ന മനോഭാവങ്ങളെയും സമീപനങ്ങളെയും സ്വീകരിച്ചു. ചിത്രരചനയിൽ പലതരം സങ്കേതങ്ങൾ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് ചുരുങ്ങിയ സമയത്തിനുള്ളിൽ മറ്റുള്ളവയ്ക്ക് വഴിമാറുകയും മറ്റുചിലത് നൂറ്റാണ്ടുകളോളം തുടരുകയും ചെയ്തു. പാനൽ പെയിന്റിങ് പ്രധാനപ്പെട്ട ഒരു ചിത്രരചനാ സമ്പ്രദായമാണ്. തടിയുപയോഗിച്ചുള്ള പാനൽ പെയിന്റിങ്ങിന്റെ ആദ്യകാല ഉദാഹരണം പതിനാലാം നൂറ്റാണ്ടിലാണ്. ഏതാണ്ട് ഒരു നൂറ്റാണ്ടിനുശേഷം തടിക്കു പകരം ക്യാൻവാസ് ഉപയോഗിച്ചുതുടങ്ങി.

പ്രശസ്തവും പ്രധാനപ്പെട്ടതുമായ പല വസ്തുക്കളുടെയും നിർമ്മാണത്തിന് തടി ഉപയോഗിക്കാറുണ്ട്. അവയിൽ ചിലത്;

1. ശിൽപ്പങ്ങൾ
2. സംഗീതോപകരണങ്ങൾ
3. കെട്ടിടനിർമ്മാണസാമഗ്രികൾ
4. ഖനനം ചെയ്ത വസ്തുക്കൾ (തകർന്ന കപ്പലിന്റെ അവശിഷ്ടം)
5. തോക്ക്
6. തടിയുപകരണങ്ങൾ

തടിയുടെ സംരക്ഷണത്തെപ്പറ്റി ആലോചിക്കുമ്പോൾ അതിന്റെ നശീകരണ ഘടകങ്ങൾ കൂടി ചർച്ചചെയ്യേണ്ടതുണ്ട്. മരം/തടി നശിക്കുന്നതിനു കാരണമാകുന്ന അല്ലെങ്കിൽ ത്വരിതപ്പെടുത്തുന്ന നിരവധി ഘടകങ്ങളുണ്ട്. അവയിൽ പ്രധാനം അന്തരീക്ഷത്തിൽനിന്ന് ഈർപ്പം വലിച്ചെടുക്കുന്ന തടിയുടെ സ്വഭാവമാണ്. കാലാവസ്ഥാവ്യതിയാനവും ഈർപ്പത്തിന്റെ ഏറ്റക്കുറച്ചിലും 45 ശതമാനം മുതൽ 55 ശതമാനം വരെയും 26 C മുതൽ 32 C വരെയുള്ള താപനിലയും മറ്റു പ്രധാന ഘടകങ്ങളാണ്. ലാർവ, പ്യൂപ്പ, വണ്ടുകൾ തുടങ്ങിയ പ്രാണികളുടെ വളർച്ചയും തടിയുടെ ഘടനയെ ദുർബലപ്പെടുത്തുന്നു.

ചില തടിയുപകരണങ്ങൾക്ക് അത്യധികം ശ്രദ്ധയും പരിചരണവും ആവശ്യമാണ്. അവയിൽ ചിലത് താഴെ പറയുന്നു;

## തടിയുപകരണങ്ങൾ

പോളിഷ് ചെയ്യുക, വാർണിഷ് ചെയ്യുക പെയിന്റ് ചെയ്യുക എന്നീ മാർഗങ്ങൾ തടിയിൽ പൊടി അടിഞ്ഞുകൂടുന്നതിന് കാരണമാവുകയും തടിയുടെ നാശത്തിന് കാരണമാവുകയും ചെയ്യുന്നു. തടിക്ക് സംരക്ഷണം ആവശ്യമാകുന്ന സമയത്ത് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കീടനാശിനികൾ ഉപയോഗിക്കുമ്പോഴും വളരെയധികം ശ്രദ്ധ ആവശ്യമുണ്ട്.

## ശിൽപ്പങ്ങൾ

മിക്ക ശിൽപ്പികളും തടിശിൽപ്പങ്ങളിൽ വാർണീഷ് പോലുള്ള ആവരണം ഉപയോഗിക്കാൻ താൽപ്പര്യപ്പെടുന്നില്ല. തടിയുടെ മുകളിൽ ആവരണം ചെയ്യുന്നത് സ്വാഭാവിക കാഴ്ചാനുഭവത്തെ മാറ്റുമെന്നതിൽ സംശയമില്ല. തടികളിൽ കാണപ്പെടാറുള്ള പ്രാണികളുണ്ടാക്കുന്ന സുഷിരങ്ങളും ആഴത്തിലുള്ള വിള്ളലുകളും മറ്റും പശ ഉപയോഗിച്ച് മറികടക്കാൻ ശ്രമിക്കുന്നതൊരു സാധാരണ പ്രവണതയാണ്. ഇതിലൂടെയുണ്ടാകുന്ന കറയും (മനുഷ്യ ശരീരത്തിലെ വിയർപ്പ് കാരണം) മറ്റു പാടുകളും കറപിടിച്ച ഇടങ്ങളെ കൂടുതൽ ഇരുണ്ടതാക്കുന്നു.

## സംഗീതോപകരണങ്ങൾ

സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഒരാൾ അതീവ ശ്രദ്ധ പുലർത്തേതുണ്ട്. പലതരം സാമഗ്രികൾ കൊണ്ടാണ് ഒരു സംഗീതോപകരണം നിർമ്മിക്കുന്നത് എന്നതിനാലാണത്. ഉദാഹരണത്തിന് ഒരു പ്രത്യേക സംഗീത ഉപകരണത്തിൽ തന്ത്രികൾ പ്രത്യേക കനത്തിലായിരിക്കുതിനാൽ നവീകരിക്കുമ്പോൾ ശ്രുതിയിൽ മാറ്റം സംഭവിക്കാം. സംരക്ഷകർക്കുള്ള മറ്റൊരു പ്രധാന വെല്ലുവിളി തടിഭാഗത്തെ ആവരണപാളികൾ നീക്കം ചെയ്യുന്നതാണ്. പരിചയസമ്പന്നനായ ഒരാൾക്ക് മാത്രമേ ഇത്തരം സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയൂ.

## കെട്ടിടനിർമ്മാണ സാമഗ്രികൾ

ഒരു കെട്ടിടം നിർമ്മിച്ചു കഴിഞ്ഞാൽ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും ഒരാൾക്കു കാണാനാവില്ല. തീർച്ചയായും നിരവധി ഭാഗങ്ങൾ മറഞ്ഞിരിപ്പുണ്ടാകും. ഒരു കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളും നിരീക്ഷിക്കുകയെന്നത് പ്രായോഗികമല്ല. തടി കൂട്ടിച്ചേർക്കുന്നതിന് ഉപയോഗിക്കുന്ന ആപ്പുകൾ കെട്ടിടങ്ങളുടെ പ്രധാന സവിശേഷതയാണ്. തടിയിൽ മാത്രം നിർമ്മിച്ച ഒരു കെട്ടിടത്തിൽ അവയ്ക്ക് പ്രധാന പങ്കുണ്ട്. അവസാനമായി, ഏതെങ്കിലും സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് തടിയിൽ പ്രത്യക്ഷപ്പെടുന്ന വാർഷിക വളയം ശ്രദ്ധിക്കേതുണ്ട്.

# പ്രവർത്തന കേന്ദ്രം

കേരള ചരിത്രത്തിൽ നിർണായക സ്ഥാനമുള്ള ചേരമാൻ പറമ്പ് കൊടുങ്ങല്ലൂരിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെയുള്ള കീഴ്ത്തളി- കോട്ടപ്പുറം റോഡിലാണ് സ്ഥിതിചെയ്യുന്നത്. 9, 10, 11 നൂറ്റാണ്ടുകളിൽ കേരളം ഭരിച്ച ചേരവംശ രാജാവായ ചേരമാൻ പെരുമാക്കന്മാരുടെ കൊട്ടാരം സ്ഥിതി ചെയ്തിരുന്ന സ്ഥലമായാണിതിനെ കണക്കാക്കുന്നത്. ഇന്നത്തെ കൊടുങ്ങല്ലൂരായിരുന്നു അതിന്റെ ആസ്ഥാനം.

1936-ൽ പുരാവസ്തുവകുപ്പ് ഈ പ്രദേശത്തെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചു. വിവിധ കാലഘട്ടങ്ങളിൽ ഇവിടെ ഗവേഷണ പഠനങ്ങൾ നടത്തുകയും പ്രാധാന്യമുള്ള ഒട്ടേറെ തെളിവുകൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

മുസിരിസ് പൈതൃക പദ്ധതി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഖനനത്തിലും പുരാവസ്തു പഠനത്തിലും പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ചേരമാൻ പറമ്പിൽ ഒരു പ്രവർത്തന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഈ പ്രദേശത്തിന്റെ രണ്ടായിരത്തിലധികം വർഷങ്ങളുടെ ചരിത്രം രേഖപ്പെടുത്തുന്നതിന് ഊന്നൽ നൽകുകയും വിദ്യാർത്ഥികൾക്കായി പ്രദർശനങ്ങളും ചർച്ചകളും സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണീ കേന്ദ്രത്തിന്റെ പ്രവർത്തനോദ്ദേശ്യം.



ചേന്ദമംഗലത്തെ കോട്ടയിൽ കോവിലകം: വംശനാശം സംഭവിച്ച ഹിന്ദു തലവൻ വില്ലാർവട്ടത്തു സ്വരൂപത്തിന്റെ കൊട്ടാരത്തിന്റെ സ്ഥലം വിഷ്ണുക്ഷേത്രത്തിനടുത്താണ്

# പുരാവസ്തുഗവേഷണം

വിവിധ വിഭാഗങ്ങളെ ഏകോപിപ്പിക്കുന്ന മുസിരിസ് പൈതൃക പദ്ധതി അതിന്റെ കീഴിലുള്ള പൈതൃക പ്രദേശങ്ങളുടെ ചരിത്രപരമായ പാരമ്പര്യത്തെ സംരക്ഷിക്കുന്നതിനാണ് ശ്രമിക്കുന്നത്. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (ASI), പുരാവസ്തു വകുപ്പ്, കേരള സർക്കാർ, കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (KCHR) തുടങ്ങിയവർ ഈ പ്രദേശത്ത് പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിനൊക്കെമുമ്പ് 1102 കുംഭം ഒന്നു മുതൽ ഒരു വർഷത്തേക്ക് അന്നത്തെ സർക്കാർ പുരാവസ്തു ഗവേഷകനായ അനുജൻ അച്ചനെ ഗവേഷണത്തിനായി നിയോഗിക്കുകയും 11 ME യിൽ (1926 27 AD) കൊച്ചി പുരാവസ്തുവകുപ്പിൽ പ്രവർത്തനങ്ങളെ പറ്റിയുള്ള പഠനറിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ഗവൺമെന്റ് ആർക്കിയോളജിസ്റ്റിന്റെ ആസ്ഥാനം തൃപ്പൂണിത്തുറയിൽ നിന്ന് തൃശ്ശൂരിലെ സംസ്ഥാന മ്യൂസിയത്തിലേക്ക് മാറ്റി പ്രവർത്തനമാരംഭിച്ചതായും റിപ്പോർട്ടിൽ പറയുന്നു. പ്രവർത്തന കാലയളവിന്റെ ഒന്നാം പകുതിയിലും രണ്ടാം പകുതിയിലും താൻ സന്ദർശിച്ച ചരിത്രസ്ഥലങ്ങളുടെയും പരിശോധിച്ച സ്മാരകങ്ങളുടെയും പട്ടിക റിപ്പോർട്ടിന്റെ അനുബന്ധമായി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം സന്ദർശിച്ച സ്ഥലങ്ങളുടെയും പരിശോധിച്ച സ്മാരകങ്ങളുടെയും സ്വഭാവം കാലക്രമത്തിൽ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും സ്ഥലനാമങ്ങൾ പലതും അങ്ങനെ തന്നെ നിലനിൽക്കുന്നുണ്ട്. കൊച്ചിയുടെ പലഭാഗങ്ങളിലായി ചിതറിക്കിടന്നിരുന്ന ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെയും പുരാതന സ്മാരകങ്ങളുടെയും സംരക്ഷണത്തിനായുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന പ്രവർത്തനം. ചേന്ദമംഗലം, ചേരമാൻ പറമ്പ്, തിരുവഞ്ചിക്കുളം, കൃഷ്ണൻകോട്ട തുടങ്ങിയ പ്രദേശങ്ങൾ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള മുസിരിസ് പദ്ധതി പ്രദേശങ്ങളാണ്.

പ്രസിദ്ധീകരിക്കപ്പെട്ടവയിൽ കൽക്കട്ടയിനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ഇന്ത്യൻ ഹിസ്റ്റോറിക്കൽ ക്വാർട്ടർലിയിൽ ക്രാങ്കന്നൂരിനെ കുറിച്ചെഴുതിയ ലഘുപ്രബന്ധവും 1100-ലെ വാർഷിക റിപ്പോർട്ടും അദ്ദേഹം പരാമർശിച്ചിട്ടുണ്ട്. ഇതിനു പുറമേ സർക്കാർ ഗസറ്റിന്റെ വിദ്യാഭ്യാസ ഷീറ്റിന് അനുബന്ധമായി താഴെപ്പറയുന്ന വിഷയങ്ങളിലും അദ്ദേഹം എഴുതിയിരുന്നു.

1. ചേരമാൻ പറമ്പ്
2. തൃശ്ശൂർ കൊക്കരണി ലിഖിതം
3. തിരുവിതാംകൂർ രേഖകൾ
4. കുന്നംകുളത്തിനടുത്തുള്ള രണ്ട് ഗുഹകൾ
5. നാരായണ ഇരവിവർമ്മന്റെ ഊരകം



ലിഖിതം

### ചേന്ദമംഗലത്ത് അദ്ദേഹം സന്ദർശിച്ച ചരിത്രപ്രദേശങ്ങൾ അനുബന്ധം B യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ഗോഥിക് ശൈലിയിലുള്ള പുരാതന ക്രിസ്ത്യൻ ദേവാലയവും അതിന്റെ മധ്യഭാഗത്തുള്ള പതിനേഴാം നൂറ്റാണ്ടിലെ മലയാളത്തിലുള്ള ലിഖിതവുമുള്ള സ്മാരകം.
2. പതിമൂന്നാം നൂറ്റാണ്ടിലെ ഹീബ്രു ലിഖിതം ഉൾപ്പെട്ട കറുത്ത ജൂതന്മാരുടെ ജൂത സിനഗോഗ്.
3. കോട്ടായി കോവിലകം വിഷ്ണുക്ഷേത്രത്തിന്റെ വടക്കുഭാഗത്തുള്ള ഗുഹാമുഖത്ത് സ്ഥിതിചെയ്യുന്ന വൈപ്പിൻകോട്ട സെമിനാരിയുടെ തകർന്ന ഭാഗങ്ങളും കെട്ടിടവും.
4. വില്ലാർവട്ടത്തു സ്വരൂപത്തിന്റെ കൊട്ടാരം നിലനിന്ന സ്ഥലം.

തിരുവിതാംകൂറിന്റെ പടിഞ്ഞാറേ അതിർത്തിയിലുള്ള കൃഷ്ണൻകോട്ട സന്ദർശിച്ചതും അനുബന്ധം B യിൽ പരാമർശിച്ചിട്ടുണ്ട്.

### ഇനി പറയുന്ന ഭാഗത്ത് അദ്ദേഹം തിരുവഞ്ചിക്കുളത്തെ കുറിച്ച് സൂചിപ്പിക്കുന്നു.

1. ചേരമാൻ പെരുമാളിന്റെ കൊട്ടാരം നിലനിന്ന സ്ഥലം.
2. പഴയ ശിവക്ഷേത്രവും അതിന്റെ തകർന്ന കവാടങ്ങളും
3. കിൽത്താലി ക്ഷേത്രാവശിഷ്ടങ്ങൾ.
4. പുരാതന നഗരമായ തിരുവഞ്ചിക്കുളത്തിന്റെ അവശിഷ്ടങ്ങൾ.
5. ബാലഗണേശക്ഷേത്രവും ബാലഗണേശപുരവും.

കിണറുകളുടെ അവശിഷ്ടങ്ങൾ, കുളങ്ങൾ, കൽഭിത്തികൾ തുടങ്ങിയവ കണ്ടെടുത്തതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവഞ്ചിക്കുളം ചേരമാൻ പറമ്പിൽ കൊട്ടാരത്തിന് സമീപമുള്ള വലിയ പ്രദേശത്തെ ഖനനത്തിലൂടെ ഒരു പുരാതന നഗരത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തതായി അനുജൻ അച്ചൻ പരാമർശിച്ചിട്ടുണ്ട്.

തന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒന്നാം ഭാഗത്ത് അനുജൻ അച്ചൻ ആദ്യം പറയുന്നത് പരിശോധിച്ച സ്ഥലങ്ങളെയും സ്മാരകങ്ങളെയും കുറിച്ചാണ്.

'ഞാൻ വർഷത്തിൽ രണ്ടുതവണ ചേന്ദമംഗലം സന്ദർശിക്കുകയും അഞ്ചു ദിവസം അവിടെ ക്യാമ്പു ചെയ്യുകയും ചെയ്തു. കൊച്ചിയിലെ ഒരു പ്രധാന ചരിത്രകേന്ദ്രമാണ് ചേന്ദമംഗലം. ആലുവ പുഴയിൽനിന്ന് ആറു മൈൽ ദൂരത്താണ് സ്ഥലം സ്ഥിതി ചെയ്യുന്നത്. കിഴക്കേയറ്റത്ത് ഒരു ചെങ്കൽ കുന്നും അതിനുമുകളിലൊരു പഴയ വിഷ്ണു ക്ഷേത്രവുമുണ്ട്. ഈ ദേവാലയത്തിന്റെ പടിഞ്ഞാറു ഭാഗത്തായിരുന്നു 15 നൂറ്റാണ്ടിലെ പ്രാദേശിക ഹിന്ദു രാജാവായ വില്ലാർവട്ടത്തു സ്വരൂപത്തിന്റെ കൊട്ടാരം സ്ഥിതി ചെയ്തിരുന്നത്.' - അനുജൻ അച്ചൻ എഴുതുന്നു.

'പെരുമാൾമാരുടെ നഗരം' എന്നാണ് തിരുവഞ്ചിക്കുളത്തെ അദ്ദേഹം റിപ്പോർട്ടിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ക്രാങ്കന്നൂരും തിരുവഞ്ചിക്കുളവും വർഷത്തിൽ മൂന്നു തവണ സന്ദർശിച്ചതായി അദ്ദേഹം പറയുന്നു.

ക്രിസ്ത്യൻ യുഗത്തിന്റെ ആദ്യകാലങ്ങളിൽ അഭിവൃദ്ധി പ്രാപിച്ച ഒരു നഗരമായിരുന്നു ഇതെന്നും തെങ്ങിൻതോട്ടങ്ങളുടെ അവശിഷ്ടങ്ങൾ ഖനനത്തിലൂടെ കണ്ടെത്തിയിട്ടുണ്ടെന്നും അദ്ദേഹം പറയുന്നുണ്ട്. അദ്ദേഹം എഴുതുന്നു, 'അനേകം നൂറ്റാണ്ടുകൾ തുടർച്ചയായി കേരളം ഭരിച്ചിരുന്ന പെരുമാക്കന്മാരുടെ തലസ്ഥാനം എന്നു മാത്രമല്ല ഇവിടം ഒരു വലിയ വ്യാപാരസാമ്രാജ്യം കൂടിയായിരുന്നു.'

തിരുവഞ്ചിക്കുളം ശിവക്ഷേത്രത്തിന് തെക്കുഭാഗത്തുള്ള, സമുദ്രനിരപ്പിൽ നിന്ന് 30 അടി ഉയരത്തിലുള്ള, നിശ്ചിത ദൂരത്തുനിന്ന് കാണാൻ കഴിയുന്ന, മൂന്നേക്കറോളമുള്ള സ്ഥലത്താണ് ചേരമാൻ പെരുമാളിന്റെ കൊട്ടാരം നിലനിന്നിരുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നു.

ഖനനം നടക്കവേ ചേരമാൻ പറമ്പിന് സമീപമുള്ള ബാലഗണേശ ക്ഷേത്രത്തിന് തെക്ക് ഭാഗത്ത് ഏതാനും അടികൾക്കപ്പുറത്തുള്ള സ്വകാര്യ സ്ഥലത്ത് ഒരു പാത്രം കണ്ടെത്തിയിരുന്നു. ഇത് നിർമ്മിച്ചിരുന്നത് ചുട്ടെടുത്ത കളിമണ്ണിലും വൃത്താകൃതിയിലുള്ള മൺവട്ടകളിലൂടെയുമാണ്. ഇവയോരോന്നും 80 ഇഞ്ച് ചുറ്റളവും 7-8 ഇഞ്ച് ഉയരമുള്ളതുമാണ്. ആ കാലഘട്ടത്തിൽ ഇത്തരം പാത്രങ്ങൾ ഉപയോഗിച്ചിരുന്നത് വെള്ളമെടുക്കുന്നതിനോ വീടുകളിൽ നിന്ന് മലിനജലം പുറന്തള്ളുന്നതിനോ ആകാം.

മെസോപ്പൊട്ടോമിയയിലും ഇതിനു സമാനമായ പാത്രങ്ങൾ കത്തിയതായി അദ്ദേഹം റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്.

സത്യാവസ്ഥ പരിശോധിക്കാനായിട്ടില്ലെങ്കിലും ചേരമാൻ പറമ്പിലെ പരിസരവാസികൾ അവിടെനിന്ന് നിധിശേഖരങ്ങൾ കണ്ടെത്തിയിരുന്നുവെന്നു പറഞ്ഞുകൊണ്ടാണ് അനുജൻ അച്ചൻ റിപ്പോർട്ട് അവസാനിപ്പിക്കുന്നത്.



(ചിത്രം: പുരാതന നഗരമായ തിരുവഞ്ചിക്കുളത്ത് നിന്ന് കണ്ടെടുത്ത വെള്ളം ശേഖരിച്ചുവെക്കുന്ന വൃത്താകൃതിയിലുള്ള പാത്രം)



# ബംഗ്ലാവ് കടവ്

പൈതൃക സംരക്ഷണത്തിനും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ വിവരങ്ങൾ പകർന്നു നൽകുന്നതിനുമാണ് മുസിരിസ് പൈതൃക പദ്ധതി പ്രവർത്തിച്ചുവരുന്നത്. മതിലകത്ത് സ്ഥിതിചെയ്യുന്ന പഴയകാലത്തെ ഓർമിപ്പിക്കുന്ന ഘടനയുള്ള ബംഗ്ലാവ് കടവിനെ പദ്ധതി ഏറ്റെടുത്തു. കെട്ടിടത്തിന്മേലുള്ള പണികൾ വിജയകരമായി പൂർത്തീകരിച്ചു. എക്സിബിഷൻ, ഗാലറി പ്രവർത്തനങ്ങളിലൂടെ ബംഗ്ലാവ് ഒരു മ്യൂസിയമാക്കിത്തീർക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തിവരുന്നു.

പണ്ട് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥരുടെയും പിന്നീട് ഇന്ത്യാ ഗവൺമെന്റിലെ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ തുടങ്ങിയ ഉദ്യോഗസ്ഥരുടെയും ആതിഥേയത്വം ബംഗ്ലാവ് വഹിച്ചിരുന്നു.

1887ൽ പുറത്തിറങ്ങിയ മലബാറിനെ കുറിച്ചുള്ള ആധികാരിക വിവരണമായ മലബാർ മാന്വൽ രചിച്ച വില്യം ലോഗൻ, മാന്വലിനായി ഫ്ലോറ ആൻഡ് ഫോണ എന്ന അധ്യായം രചിച്ച മലബാറിലെ ജില്ലാ വനം വകുപ്പ് ഉദ്യോഗസ്ഥനായ റോഡ്സ് മോർഗൻ, കനോലി കനാലിന്റെ വികസനത്തിന് നേതൃത്വം നൽകിയ ഹെൻട്രി കനോലി തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നു.

നിർദിഷ്ട മ്യൂസിയം സംരക്ഷണം, വികസനം എന്നീ രണ്ടു വശങ്ങളും പാലിക്കും. കെട്ടിടത്തിന്റെ വാസ്തുവിദ്യയുടെ പുന:സ്ഥാപനത്തിൽ ശ്രദ്ധയൂന്നുമ്പോൾ വികസനം ബംഗ്ലാവിന്റെ പ്രവർത്തനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. നിർദിഷ്ട മ്യൂസിയത്തിലെ വിവിധ ഗാലറികൾ ബ്രിട്ടീഷ് യാത്രക്കാരുടെ താമസത്തെ കുറിച്ചും ബംഗ്ലാവിനെ കുറിച്ചും ലോഗന്റെ സംഭാവനകളെക്കുറിച്ചും റോഡ്സിന്റെ ചിത്രീകരണങ്ങളെക്കുറിച്ചുമുള്ള ഒരു അവലോകനം നൽകുന്ന വിധത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

# ലഘു ഭക്ഷണശാല



കോട്ടപ്പുറം മുസിരിസ് ബോട്ട് ജെട്ടിയിലെ മുസിരിസ് ലഘുഭക്ഷണശാല ചരിത്രത്തിലെ മഹത്തായ ഒരു യുഗത്തിന്റെ നിഴലിലാണ് സ്ഥിതിചെയ്യുന്നത്. മുസിരിസ് കോട്ടയോട് ചേർന്ന്, ജലോപരിതലത്തിൽ സജ്ജമാക്കിയ ലളിതമായ അലങ്കാരവും സ്വച്ഛമായ അന്തരീക്ഷവുമുള്ള ഈ ഭക്ഷണശാല സാംസ്കാരിക പുന:സ്ഥാപനത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നതാണ്. നടത്തിപ്പുകാർ 70 വയസ്സ് പ്രായമുള്ള കുടുംബശ്രീ പ്രവർത്തകരായ ശ്രീമതി എൽസി ജോണിയും ശ്രീമതി റോസി ഫ്രാൻസിസുമാണ്. അവർ പറയുന്നു, "പാചകത്തോടുള്ള ഞങ്ങളുടെ സ്നേഹത്തിൽ നിന്നാണ് ഈ റെസ്റ്റോറൻറ് പിറന്നത്." ഇവിടെ വിളമ്പുന്ന ലഘുഭക്ഷണങ്ങൾക്ക് വീട്ടിൽ പാചകം ചെയ്യുന്ന ഭക്ഷണത്തിന്റെ രുചിയും സ്പർശവുമുണ്ട്. അതാണ് അത് വേഗത്തിൽ വിറ്റഴിക്കപ്പെടുന്നുത്.

"ഞങ്ങളുടേത് ഒരു തുറസായ ഭക്ഷണശാല പോലെയാണ് പ്രവർത്തിക്കുന്നത്. വൈകുന്നേരങ്ങളിൽ, പ്രത്യേകിച്ചും മുസിരിസ് ബോട്ട് സവാരി നടത്തുന്ന സന്ദർശകരുള്ളപ്പോൾ. അപ്പപ്പോൾ തയ്യാർ ചെയ്ത പരിപ്പുവട, പഴംപൊരി, ആവിയിൽ പുഴുങ്ങിയ കൊഴുക്കട്ട എന്നിവ കഴിക്കാൻ അവർ അണിചേരുന്നത് സന്തോഷമുള്ള കാര്യമാണ്. ഇവയെല്ലാം ലളിതമായ പാചകക്കുറിപ്പുകളെയാണ് പിന്തുടരുന്നതെങ്കിലും അൽപ്പം ശ്രദ്ധ ആവശ്യമുള്ളതാണ്. ഈ പ്രായത്തിലും ഞങ്ങൾ ഈ ജോലി ആസ്വദിക്കുന്നുണ്ട്. ഓരോ ഉപഭോക്താവും സന്തോഷത്തോടെയാണ് ഇവിടെ നിന്നും മടങ്ങുന്നത് എന്ന് ഞങ്ങൾ ഉറപ്പുവരുത്താറുണ്ട്.'

ഗോതുരുത്ത്, ചൈനീസ് മത്സ്യബന്ധന വലകൾ, ബോട്ടുകൾ, കോട്ടപ്പുറം പാലം കടന്നുപോകുന്ന വാഹനങ്ങളുടെ കാഴ്ചകൾ എന്നിവ ഇവിടെനിന്ന് ആസ്വദിക്കാം. ഭക്ഷണത്തെപ്പോലെ പ്രധാനമാണ് അത് കഴിക്കുന്ന അന്തരീക്ഷവും എന്നിരിക്കെ ഇവിടം സന്ദർശകർക്ക് അടുപ്പം തോന്നിപ്പിക്കുന്നതാണ്. ഇത്തരം നാട്ടുഭക്ഷണശാലകൾ അവയുടെ സ്വഭാവത്തിൽ ഒരു കോട്ടവും തട്ടാതെ നിലനിർത്തുന്നത് ഒരു പൈതൃക പ്രദേശത്തോട് നമുക്ക് ഇഷ്ടം തോന്നിപ്പിക്കുന്നതിൽ എപ്പോഴും പ്രതീകാത്മകമായ പങ്കുവഹിക്കുന്നുണ്ട്.

ആറുമാസം മുൻപാണ് മുസിരിസ് കൺസർവേഷൻ ലാബ് പറവൂരിൽ പ്രവർത്തനമാരംഭിച്ചത്. മുസിരിസ് കൺസർവേഷൻ കൺസൾട്ടന്റ് ശ്രീ. എം. നാരായണൻ നമ്പൂതിരി കൺസർവേഷൻ അസിസ്റ്റന്റുമാരുടെ പിന്തുണയോടെ ടീമിനെ നയിക്കുന്നു. മുംബൈയിൽനിന്നും മുസിരിസ് കൺസർവേഷൻ ലാബ് സന്ദർശിച്ച പേപ്പർ കൺസർവേറ്റർ ശ്രീമതി. സലോനി ഘുവാലേവല താളിയോല സംരക്ഷണത്തിന്റെ നൂതനരീതികൾ വിശദീകരിച്ചു.





മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിലുള്ള കരകൗശലശാല പുനരുജ്ജീവന പരിപാടിയുമായി സഹകരിച്ച് ആസൂത്രണം ചെയ്ത വിവിധ ശിൽപ്പശാലകളുടെ ഭാഗമായി ഇന്ത്യൻ നാഷണൽ ട്രസ്റ്റ് ഫോർ ആർട്സ് ആൻഡ് കൾച്ചറൽ ഹെറിറ്റേജ് (INTACH) ഡിസൈനർ ശ്രീമതി അനുരാഗ് റാണ പദ്ധതി മേഖലയിലെ കൈത്തറി സൊസൈറ്റികൾ സന്ദർശിച്ചു.



തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിലെ സെന്റർ ഫോർ ഹെറിറ്റേജ് (CHS) വിദ്യാർത്ഥികൾ പറവൂരിലെ കൺസർവേഷൻ ലാബ് സന്ദർശിച്ചു. കൺസൾട്ടന്റ് ശ്രീ. നാരായണൻ നമ്പൂതിരി വിദ്യാർത്ഥികളുമായി സംവദിക്കുകയും ‘താളിയോലകളുടെ സംരക്ഷണം, പരമ്പരാഗത സംരക്ഷണ മാർഗ്ഗങ്ങളും ശാസ്ത്രീയ സംരക്ഷണ മാർഗ്ഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ’ എന്നീ സെഷനുകൾ നയിക്കുകയും ചെയ്തു.



പറവൂർ മാർക്കറ്റിന്റെയും അതിന്റെ പരിസര പ്രദേശങ്ങളുടെയും പുനഃസ്ഥാപനത്തിന്റെ ഭാഗമായുള്ള രണ്ടാംഘട്ട സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ ആരംഭിച്ചുകഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് പറവൂർ മാർക്കറ്റ് റെസിഡന്റ്സ് അസോസിയേഷനുകൾ, മർച്ചന്റ്സ് അസോസിയേഷനുകൾ, മുനിസിപ്പാലിറ്റി പ്രതിനിധികൾ, വാർഡ് കൗൺസിലർ മിനി ഷിബു എന്നിവരുമായി മുസിരിസ് പൈതൃക പദ്ധതിയുടെ ഉദ്യോഗസ്ഥർ ചർച്ച നടത്തി. മുസിരിസ് പൈതൃക പദ്ധതിയുടെ എം.ഡി. ശ്രീ. പി. എം. നൗഷാദ് പ്രദേശത്ത് ഇതിനകം പൂർത്തിയാക്കിയ പ്രവർത്തനങ്ങളും പൈതൃക പദ്ധതിയിൽ പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്ന അവസരങ്ങളും വിശദീകരിച്ചു. യോഗം മുനിസിപ്പൽ ചെയർമാൻ ശ്രീ. രാജേഷ് കുമാർ ഉദ്ഘാടനം ചെയ്തു. പറവൂർ മാർക്കറ്റ് പുനഃസ്ഥാപനം, മാർക്കറ്റിലേക്കുള്ള പ്രവേശനകവാടത്തിന്റെ നിർമ്മാണം, ടോയ്‌ലറ്റ് കോംപ്ലക്സ്, പൈതൃക നഗരത്തിലൂടെയുള്ള അസ്തമയ സഞ്ചാരം എന്നിവ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിൽ ചിലതാണ്.

മുസിരിസ് പൈതൃക പ്രദേശം സന്ദർശിച്ച ചാൾസ് വാലസ് ഇന്ത്യ സീനിയർ കൺസൾട്ടന്റ് ശ്രീമതി ശ്രീലാ ഘോഷ് ഇതിനെ 'മനോഹരമായ ഒരു കലാസൃഷ്ടി' എന്ന് വിശേഷിപ്പിച്ചു. "എല്ലാ പൈതൃക പ്രദേശങ്ങളും ചരിത്രത്തെ പുനർനിർവ്വചിക്കാൻ ഉള്ള അവസരമാണ് നൽകുന്നത്. മുസിരിസ് പൈതൃക പദ്ധതിയും ലോകത്തിൽ മുമ്പിൽ വെക്കുന്നത് അത്തരമൊരു വിനോദസഞ്ചാര സാധ്യതയാണ്" എന്നവർ കൂട്ടിച്ചേർത്തു.



വിവിധ പദ്ധതികൾ പൂർത്തിയായതിനുപുറമേ ഒമ്പത് പദ്ധതികൾ മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ പുരോഗമിക്കുകയാണ്. ഇതുകൂടാതെ ചില പദ്ധതികൾ ടെൻഡർ ഘട്ടത്തിലുമുണ്ട്.

## പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ

1. കൊടുങ്ങല്ലൂർ ക്ഷേത്രമ്യൂസിയം
2. മാള സിനഗോഗിന്റെ പുനഃസ്ഥാപനം
3. ചേരമാൻ ജുമാ മസ്ജിദിന്റെ പുനഃസ്ഥാപനം
4. പി. എ. സെയ്ത് മുഹമ്മദ് മെമ്മോറിയൽ
5. തിരുവഞ്ചിക്കുളം കനാൽ ഓഫീസിന്റെ പുനരുദ്ധാരണം
6. പട്ടണം വ്യാഖ്യാന കേന്ദ്രം
7. ചേന്ദമംഗലം ഹോളി ക്രോസ് ചർച്ചിന്റെ അറ്റകുറ്റപ്പണിയും സംരക്ഷണവും
8. സെന്റ്. സെബാസ്റ്റ്യൻ പുരോഹിത വസതി
9. ബംഗ്ലാവ് കടവ്, മതിലകം

## ടെൻഡർ ഘട്ടത്തിലുള്ള പദ്ധതികൾ

1. പാലിയം ഊട്ടുപുര
2. കീഴ്ത്തള്ളി അമ്പലം
3. ക്രിസ്ത്യൻ ലൈഫ് സ്റ്റൈൽ മ്യൂസിയം
4. മുസിരിസ് സൈനേജിന്റെ പ്രവർത്തനങ്ങൾ
5. പറവൂരിലെയും, ചേന്ദമംഗലത്തെയും ജൂത ഭവനങ്ങളുടെ പുനരുദ്ധാരണം
6. പി. കേശവദേവിന്റെ ഭവനം
7. പൊന്നാനി മിസ്രി പള്ളി
8. മ്യൂസിയം, സന്ദർശക കേന്ദ്രങ്ങൾ എന്നിവയുടെ വിപുലീകരണ പ്രവർത്തനങ്ങൾ
9. ചവിട്ട് നാടക മ്യൂസിയം
10. ഹോളി ക്രോസ്സ് ഇന്റർപ്രെട്ടേഷൻ സെന്റർ

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ,
മുസിരിസ് പ്രോജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ : 0480 2807717